# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3643 | 17.12.2015 ൽ മറുപടിക്ക്

### മുഖ്യമന്ത്രിക്കെതിരെ നിയമ നടപടിക്ക് ഡി.ജി.പി യുടെ കത്ത്

**ചോദ്യം: ശ്രീ. എസ്.രാജേന്ദ്രൻ**

**ഉത്തരം : ശ്രീ. ഉമ്മൻചാണ്ടി**
**മുഖ്യമന്ത്രി**

| ചോദ്യം | ഉത്തരം |
| --- | --- |
| **എ)** മുഖ്യമന്ത്രിക്കെതിരെ നിയമ നടപടിക്ക് അനുമതി തേടിക്കൊണ്ട് സംസ്ഥാനത്തെ ഏതെങ്കിലും ഡി.ജി.പി സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ എപ്പോൾ; വ്യക്തമാക്കാമോ; | **എ)** ഉണ്ട്. മുഖ്യമന്ത്രിക്കെതിരെ നിയമനടപടി സ്വീകരിക്കുവാൻ, ഡി.ജി.പി.യും കേരള ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. ജേക്കബ് തോമസ് ഐ.പി.എസ്. (KL:1985) അനുമതി ആവശ്യപ്പെട്ടിരുന്നു. |
| **ബി)** ഏത് പ്രശ്നത്തിലാണ് നിയമ നടപടിയ്ക്ക് അനുവാദം ചോദിച്ചിരിക്കുന്നത്; വിശദമാക്കാമോ; | **ബി)** പ്രസ്തുത ഉദ്യോഗസ്ഥനെതിരെ മുഖ്യമന്ത്രി നടത്തിയ പരാമർശങ്ങൾ പിൻവലിക്കാത്തപക്ഷം നിയമ നടപടി സ്വീകരിക്കുവാൻ അനുവാദം ചോദിച്ചിരിക്കുന്നു. |
| **സി)** ഇക്കാര്യത്തിൽ മുഖ്യമന്ത്രി നടത്തിയതായി പറയുന്ന പ്രസ്താവന പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | **സി)** ഇല്ല. |
| **ഡി)** ഡി.ജി.പി സംസ്ഥാന പോലീസിന് നൽകിയ കത്തിൻമേൽ സ്വീകരിച്ച നടപടി വെളിപ്പെടുത്തുമോ? | **ഡി)** നടപടി പരിഗണിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**